# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2336

## (12.06.2018 ലെ മറുപടിക്ക്)

## ബജറ്റിലെ മുൻഗണനാക്രമം

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.മുരളി പെരുനെല്ലി**<br>**(ബഹു. എം.എൽ.എ)** | **ഡോ. റ്റി.എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | എം.എൽ.എ.മാരുടെ ശിപാർശ പ്രകാരം 2018-19 വർഷത്തെ ബജറ്റിൽ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ എം.എൽ.എ.മാരുടെ ശുപാർശ പ്രകാരം 2018-19 വർഷത്തെ ബഡ്ജറ്റിൽ മുൻഗണനാ ക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലെ ഭരണാനുമതിയ്ക്കായുള്ള എല്ലാ പ്രൊപ്പോസലുകളും ജൂലൈ 31-നകം സമർപ്പിക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൻ കീഴിലുള്ള എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ (കെട്ടിടം) അറിയിച്ചിട്ടുണ്ട്. ആയത് ഭരണവകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | മണലൂർ എം.എൽ.എ. 2018-19 ലെ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി ശിപാർശ ചെയ്തിട്ടുള്ള ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | തൃശ്ശൂർ ജില്ലയിലെ മണലൂർ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ. മുരളി പെരുനെല്ലിയുടെ 2017-18-ലെ ആസ്തി വികസന പദ്ധതിയിൽ ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ പാറപ്പുറം ഗവ. യു.പി. സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന് 20.04.2018 -ലെ ഉത്തരവ് നം. ആർ.ഡി 6/2407/2017 (1) പ്രകാരം 99.9 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ബഹു. മണലൂർ എം.എൽ.എ. 2018-19 ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി ശുപാർശ ചെയ്തിട്ടുള്ള പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ വരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു |

| | | |
|---|---|---|
| | | വരുന്നു എന്ന് ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. ആയത് ഭരണ വകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**